പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2522 — 19.12.2012 ൽ മറുപടിയ്ക്ക്

## ഔഷധ വ്യാപാര ലൈസൻസുകൾ ഓൺലൈനിൽ ലഭ്യമാക്കുന്ന സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ :<br>ശ്രീ. വി. പി. സജീന്ദ്രൻ :<br>ശ്രീ.എ. റ്റി. ജോർജ് :<br>ശ്രീ. പി. എ. മാധവൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഔഷധ വ്യാപാര ലൈസൻസുകൾ ഓൺലൈനിൽ ലഭ്യമാക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഔഷധ വ്യാപാര ലൈസൻസുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിലേക്കായി സോഫ്റ്റ്വെയർ വഴി തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 6 മേഖലകളിലായി പതിനയ്യായിരത്തിലേറെ മൊത്ത/ചില്ലറ മരുന്നുകടകൾക്കും, 1200-ൽ ഏറെ അലോപ്പതി/ആയുർവ്വേദ/ഹോമിയോ/മരുന്നു നിർമ്മാണസ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചു കൊണ്ടും ഔഷധ നിയമങ്ങൾ നടപ്പിലാക്കികൊണ്ടും ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ അലോപ്പതി/ആയുർവ്വേദ/അനലിറ്റിക്കൽ വിഭാഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. |
| (ബി)പ്രസ്തുത സംവിധാനം കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ; എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്നത് ; | (ബി) പ്രസ്തുത സംവിധാനത്തിലൂടെ ഏറ്റവും എളുപ്പത്തിലും വേഗത്തിലും ഔഷധ വില്പന ലൈസൻസുകൾ ലഭ്യമാക്കുന്നതിനുള്ള എക്സ്.എൽ.എൻ സോഫ്റ്റ്വെയറിന്റെ ആവിർഭാവത്തോടെ ഈക്കാര്യത്തിൽ നിലനിന്നിരുന്ന കാലതാമസം തീർത്തും ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ഗുണഭോക്താവിനു ലളിതമായും സുതാര്യമായും ലൈസൻസ് നടപടികൾ നിരീക്ഷിക്കുന്നതിന് അനുയോജ്യമായ രീതിയിലാണ് ഈ സോഫ്റ്റ്വെയർ രൂപകല്പന ചെയ്തിട്ടുള്ളത്. ഇതു കൂടാതെ ഗുണനിലവാരം കുറഞ്ഞ ഔഷധങ്ങളുടെ വിവരങ്ങൾ എസ്.എം.എസ് സംവിധാനം വഴി ഉടൻതന്നെ വ്യാപാരികൾ, വിതരണക്കാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുമാർ, നഴ്സുമാർ എന്നിവർക്കും ആശുപത്രികൾ മറ്റു സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ എന്നിവിടങ്ങളിലേയ്ക്കും ലഭ്യമാക്കുന്നുണ്ട്. |
| (സി) ലൈസൻസില്ലാതെ മരുന്നുകൾ വിൽക്കുന്നവരെ കണ്ടുപിടിക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (സി) ലൈസൻസില്ലാതെ മരുന്നുകൾ വിൽക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ ഡ്രഗ്സ് ഇൻസ്പെക്ടർമാർക്ക് അധികാരമുണ്ട്. ലൈസൻസില്ലാതെ മരുന്ന് വിൽക്കുന്നതാണെന്ന് ബോധ്യപ്പെട്ടാൽ മരുന്നുകൾ കസ്റ്റഡിയിലെടുത്ത് കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടിപ്രകാരം കേസെടുക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ